# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3995 | 11.11.2019 - ൽ മറുപടിക്ക്.

## ഭക്ഷ്യഭദ്രത നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള പരിഷ്ക്കാരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.കെ. രാജൻ**<br>**ശ്രീമതി ഗീതാ ഗോപി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ദേശീയ ഭക്ഷ്യഭദ്രത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എൻഡ് ടു എൻഡ് കംപ്യൂട്ടറൈസേഷൻ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>(ബി) എൻഡ് ടു എൻഡ് കംപ്യൂട്ടറൈസേഷൻ നടപ്പാക്കിയത് മൂലം എന്തൊക്കെ നേട്ടങ്ങൾ ഉണ്ടായെന്ന് അറിയിക്കുമോ; | (എ) യും (ബി) യും ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ പ്രധാന ഘടകമായ ആദ്യന്ത കമ്പ്യൂട്ടർവൽക്കരണം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് സംസ്ഥാനത്ത് കണക്ടിവിറ്റി ലഭ്യമല്ലാത്ത കടകൾ ഒഴികെയുള്ള 14272 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് ആധാർ ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തി വരുന്നു. പോർട്ടബിലിറ്റി (ഏത് കടയിൽ നിന്നും സാധനങ്ങൾ വാങ്ങാവുന്ന സംവിധാനം) സംസ്ഥാനത്ത് നടപ്പിലാക്കി. ഇലക്ട്രോണിക് ത്രാസ് ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. ഇ-പോസ് മെഷീൻ മുഖേന ബാങ്കിംഗ് സേവനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യന്ത കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ IMPDS (Integrated Management Public Distributiion System)-മായി ബന്ധപ്പെട്ട് 'ഒരു രാജ്യം ഒരു റേഷൻ കാർഡ്' എന്ന ലക്ഷ്യം നാഷണൽ പോർട്ടബിലിറ്റി മുഖേന സാധ്യമാക്കുന്നതിനായി 2019 ഒക്ടോബർ 1-ന് കേരള - കർണാടക ക്ലസ്റ്റർ രീതിയിൽ പൈലറ്റ് പദ്ധതി നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, GPS enabled vehicle tracking system നടപ്പാക്കുന്നതിലേയ്ക്കായി സപ്ലൈകോ മുഖാന്തിരം EOI (Expression of Interest) ക്ഷണിക്കുകയും ഇതു സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| **(സി)** എല്ലാ റേഷൻകാർഡ് ഉടമകളുടെയും വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നുണ്ടോ; ഇത് ആർക്കൊക്കെ പങ്കുവയ്ക്കുന്നു എന്ന് വ്യക്തമാക്കാമോ; | **(സി)** ഉണ്ട്. താഴെപ്പറയുന്ന സർക്കാർ വകുപ്പുകളുമായും കേന്ദ്ര സർക്കാർ വകുപ്പ്/ഏജൻസികളുമായും റേഷൻകാർഡ് വിവരങ്ങൾ പങ്കുവയ്ക്കുന്നുണ്ട്.<br>1. ഇ-ഡിസ്ട്രിക്ട് പ്രോജക്ട് (കേരള സ്റ്റേറ്റ് ഐടി മിഷൻ)<br>2. സപ്ലൈകോ – സബ്സിഡി നിരക്കിൽ സപ്ലൈകോ ഉല്പന്നങ്ങൾ വിതരണം നടത്തുന്നതിന്<br>3. പ്രധാനമന്ത്രി കിസാൻ പ്രോജക്ട് (കേന്ദ്രസർക്കാർ)<br>4. ഉന്നതി പ്രോജക്ട് (സംസ്ഥാന സർക്കാർ)<br>5. പ്രളയത്തോടനുബന്ധിച്ചുള്ള അദാലത്തുകൾ (കേരള സ്റ്റേറ്റ് ഐടി മിഷൻ)<br>6. സർവ്വീസ് പെൻഷൻ (കേരള സ്റ്റേറ്റ് ഐടി മിഷൻ)<br>7. മുഖ്യമന്ത്രിയുടെ പരാതിപരിഹാര സംവിധാനം (സി-ഡിറ്റ്)<br>8. ഇൻഫർമേഷൻ കേരള മിഷൻ - സേവന സോഫ്റ്റ്വെയർ മുഖേന പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്<br>9. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിയാക്)- നേരത്തേ പങ്കുവച്ചിട്ടുണ്ട്.<br>10. സെൻട്രൽ പി.ഡി.എസ് (കേന്ദ്രസർക്കാർ)<br>11. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് (കേന്ദ്രസർക്കാർ)<br>12. IMPDS (Integrated Management of Public Distribution System) നടപ്പാക്കുന്നതിനായി (കേന്ദ്രസർക്കാർ)<br>13. NFSA ഡാഷ്ബോർഡ് (nfsa.gov.in) ആവശ്യങ്ങൾക്കായി (കേന്ദ്രസർക്കാർ) |
| **(ഡി)** എല്ലാ റേഷൻ കാർഡ് ഉടമകളുടെയും ആധാർ സീഡിംഗ് പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ? | **(ഡി)** ഇല്ല. സംസ്ഥാനത്ത് റേഷൻ വാങ്ങാൻ അർഹതയുള്ള 35528093 അംഗങ്ങളിൽ 32622883 അംഗങ്ങളുടെ ആധാർ സീഡ് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**